റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി

13(*101) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും സമഗ്രവികസനം ലക്ഷ്യമാക്കി സർക്കാർ രൂപംകൊടുത്ത സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP) നടപ്പാക്കാനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (RICKLtd.)

(ബി) വിദഗ്ധരായ കൺസൾട്ടന്റുമാർ മുഖേന തെരഞ്ഞെടുക്കപ്പെട്ട 1090 കി.മീ. റോഡുകളെ ദേശീയ നിലവാരത്തിൽ വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത 469 കി.മീ. റോഡുകളെ റീഹാബിലിറ്റേഷൻ വിഭാഗത്തിലും സ്ഥലം ഏറ്റെടുക്കൽ ആവശ്യമുള്ള 621 കി.മീ. റോഡുകളെ അപ്ഗ്രഡേഷൻ വിഭാഗത്തിലും ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. റീഹാബിലിറ്റേഷൻ പദ്ധതി പി.പി.പി. അന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പദ്ധതി മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ EPC രീതിയിലും നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. റോഡുകൾ ദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ, കലുങ്കുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, റോഡു സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ് ഷെൽട്ടറുകൾ, തെരുവു വിളക്കുകൾ എന്നിവ സ്ഥാപിക്കുക, ഇതിനാവശ്യമായ ഫണ്ട് സർക്കാരിൽനിന്നോ മറ്റ് ധനകാര്യ ഏജൻസികളിൽനിന്നോ സ്വരൂപിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 6-12-2012-ലെ സ.ഉ.(കൈ)നമ്പർ 91/12/പൊ.മ.വ. പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 106.2 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് 22-5-2015-ലെ സ.ഉ.(കൈ) നമ്പർ 43/15/ പൊ.മ.വ. പ്രകാരം അനുമതി നൽകി. 13-11-2015-ലെ സ.ഉ.(സാധാ) നമ്പർ 1676/15/പൊ.മ.വ പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് B-യുടെ (58 കി.മീ.) ബിഡും 29-1-2016-ലെ സ.ഉ.(സാധാ) നമ്പർ 198/16/പൊ.മ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് A (Modified)-യുടെ (25 കി.മീ.) ബിഡും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും കൺസഷൻ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയും ചെയ്യുന്നു.

പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ പരിഷ്കാരങ്ങൾ

14(*102) ഡോ.എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പരിഷ്കരണ നടപടികളിലൂടെ കാതലായ എന്തുമാറ്റമാണ് പൊതുവിതരണ രംഗത്തുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിഷ്കരണത്തിന്റെ ഭാഗമായ കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.
GPM. 2/239/2020-7

LIBRARY ARCHIVES Kerala Legislative Assembly